## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 389

6-2-2013-ൽ മറുപടിക്ക്

### വൈദ്യുതി ചാർജ്ജ് വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതിചാർജിൽ എത്ര വർദ്ധനവാണ് വരുത്തിയിട്ടുള്ളത് ഇതുമൂലം ഉണ്ടായ വരുമാനം എത്രയാണ് ; | (എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 2012 ജൂലൈ ഒന്നാം തീയതി മുതൽ താരിഫ് വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധം—1 ആയി ചേർത്തിരിക്കുന്നു. പ്രസ്തുത വർദ്ധനയിലൂടെ വിവിധ ഉപഭോക്താക്കൾക്ക് 25 ശതമാനം മുതൽ 30 ശതമാനം വരെയാണ് വർദ്ധനവ് നടപ്പിലാക്കിയിട്ടുള്ളത്. താരിഫ് വർദ്ധനയിലൂടെ ഏകദേശം 130 കോടി രൂപ പ്രതിമാസം അധിക വരുമാനമായി ലഭിച്ചു വരുന്നു.<br><br>ഇതു കൂടാതെ 2012 ഏപ്രിൽ - മെയ് |

മാസകാലയളവിൽ വ്യവസായിക വാണിജ്യ-ഗാർഹികേതര ഉപഭോക്താക്കൾക്ക് നിലവിലുള്ള താരിഫിൽ മുൻവർഷ ശരാശരി ഉപയോഗത്തിന്റെ 90 ശതമാനം വരെ ഉപയോഗിക്കാൻ അനുവദിക്കുകയും ഗാർഹിക ഉപഭോക്താക്കളെ രണ്ട് മാസത്തേയ്ക്ക് 600 യൂണിറ്റ് വരെ നിലവിലുള്ള താരിഫിൽ ഉപയോഗിക്കാൻ അനുവദിക്കുകയും ടി ഉപഭോക്താക്കൾ കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് യഥാർത്ഥ വാങ്ങൽ വിലയായ 10 രൂപ വാങ്ങാൻ കമ്മീഷൻ അനുമതി നൽകിയിട്ടുണ്ട്. ഇതിനു പുറമേ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്തും ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഗണിച്ചും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2012 ഡിസംബർ പന്ത്രണ്ടാം തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് വൈദ്യുതി ബോർഡ് വിവിധ ഉപഭോക്താക്കൾക്ക് താഴെ പറയുന്ന രീതിയിൽ ഡിസംബർ പതിനഞ്ചാം തീയതി മുതൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

1) ലോഡ് ഷെഡ്ഡിംഗിൽ നിന്നൊഴിവാക്കപ്പെട്ട എല്ലാ എച്ച്.റ്റി, ഇ.എച്ച്.റ്റി ഉപഭോക്താക്കളും അവരുടെ വൈദ്യുതി ഉപയോഗം മുൻവർഷത്തെ ശരാശരി ഉപയോഗത്തിന്റെ 75 ശതമാനമായി നിജപ്പെടുത്തുകയും, നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന

വൈദ്യുതിയ്ക്ക് നിലവിലുള്ള താരിഫിനു പുറമേ നിലവിലുള്ള എനർജി ചാർജ്ജ് പെനാൽറ്റി ആയി ഈടാക്കുന്നതാണ്.

(2) നിലവിൽ ലോഡ് ഷെഡ്ഡിംഗ് ഉള്ള എച്ച്.റ്റി ഉപഭോക്താക്കൾ അവരുടെ ഉപയോഗം മുൻവർഷത്തെ ശരാശരി വൈദ്യുതി ഉപയോഗത്തിന്റെ 80 ശതമാനമായി നിജപ്പെടുത്തുകയും നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള താരിഫിനു പുറമേ നിലവിലുള്ള എനർജി ചാർജ്ജ് കൂടി പെനാൽറ്റി ആയി ഈടാക്കുന്നതാണ്.

(3) എല്ലാ എൽ.റ്റി വ്യവസായിക വാണിജ്യ ഗാർഹികേതര ഉപഭോക്താക്കളും അവരുടെ വൈദ്യുതി ഉപയോഗം മുൻവർഷത്തെ ശരാശരി ഉപയോഗത്തിന്റെ 80 ശതമാനമായി നിജപ്പെടുത്തുകയും നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള താരിഫിനു പുറമേ നിലവിലുള്ള എനർജി ചാർജ്ജ് പെനാൽറ്റി ആയി ഈടാക്കുന്നതാണ്.

(4) ഗാർഹിക ഉപഭോക്താക്കൾ അവരുടെ വൈദ്യുതി ഉപയോഗം ദ്വൈമാസം 600 യൂണിറ്റായി നിജപ്പെടുത്തുകയും നിയന്ത്രണത്തിനു മുകളിൽ ഉപയോഗിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിയ്ക്കും നിലവിലുള്ള താരിഫിനു പുറമേ നിലവിലുള്ള

| | | | |
|---|---|---|---|
| | | | സ്ലാബ് നിരക്ക് പെനാൽറ്റി ആയ ഈടാക്കുന്നതാണ്. 2012 ഏപ്രിൽ - മെയ് മാസങ്ങളിൽ ഏർപ്പെടുത്തിയ വൈദ്യുതി നിയന്ത്രണത്തിലൂടെ ഏകദേശം 149.71 കോടി രൂപ അധിക വരുമാനമായി ലഭിച്ചിട്ടുണ്ട്. 2012 ഡിസംബർ പതിനഞ്ചാം തീയതി ഏർപ്പെടുത്തിയ വൈദ്യുതി നിയന്ത്രണത്തിലൂടെ ലഭിക്കാവുന്ന അധിക വരുമാനം കണക്കാക്കപ്പെട്ടിട്ടില്ല |
| (ബി) | നിലവിൽ എത്ര മണിക്കൂർ പവർകട്ടാണുള്ളത് ;ഇതുമൂലം എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിയുന്നുണ്ട് | (ബി) | നിലവിൽ പവർകട്ട് ഏർപ്പെടുത്തിയിട്ടില്ല. ലോഡ് ഷെഡ്ഡിംഗ് മാത്രമേ ഉള്ളൂ. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**